**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4703** **19-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്റഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മഞ്ചേശ്വരം മത്സ്യബന്ധന<br><br>തുറമുഖത്തിനുവേണ്ടി ഇരുകരകളിലുമായി യഥാക്രമം 490 മീറ്റർ, 520 മീറ്റർ നീളത്തിലുള്ള രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം നേരത്തേ പൂർത്തീകരിച്ചിരുന്നു. എന്നാൽ മത്സ്യബന്ധന യാനങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പ് വരുത്തുന്നതിനായി വടക്കേ പുലിമുട്ടിന്റെ നീളം 200 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി കെ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2021 ജൂൺ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.<br><br>2. മഞ്ചേശ്വരം - ഉപ്പള<br><br>പുഴകളിൽ നിന്നും മണ്ണ് ഒലിച്ച് ഇറങ്ങി ഹാർബർ ബേസിനിൽ രൂപംകൊണ്ട മണൽത്തിട്ട ഡ്രെഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിനായി 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും സാങ്കതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ച് വരികയും ചെയ്യുന്നു.<br><br>3. മഞ്ചേശ്വരം ഹാർബറിൽ വള്ളങ്ങൾ അടുപ്പിക്കുന്നതിനുള്ള ലോ ലെവൽ ജെട്ടി, ലേല ഹാൾ, പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിക്കുന്നതിനായി 583 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>4. മഞ്ചേശ്വരം ഫിഷറി ഹാർബറിന്റെ തെക്ക് ഭാഗത്ത് ബീച്ച് സ്റ്റെബിലൈസേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും പ്രവൃത്തിയുടെ തുടർച്ചയായി |

| | | | |
|---|---|---|---|
| | | | കാസർഗോഡ് ഡെവലപ്‌മെന്റ് പാക്കേജ് (കെ.ഡി.പി)-യിൽ ഉൾപ്പെടുത്തി അറേഞ്ച് ചെയ്തിട്ടുള്ള കണ്ണങ്കള-കുറിച്ചിപ്പള്ള റോഡ് നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br><br>5.മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ ബ്രിഡ്ജ് നിർമ്മാണത്തിന് പുതുക്കിയ ഡിസൈൻ പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി കാസർഗോഡ് ഡെവലപ്‌മെന്റ് പാക്കേജ് (കെ.ഡി.പി), ഡിസ്ട്രിക്ട് ലെവൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (ഡി.എൽ.റ്റി.സി) യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (ബി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മഞ്ചേശ്വരം മത്സ്യബന്ധന<br><br>തുറമുഖത്തിനുവേണ്ടി ഇരുകരകളിലുമായി യഥാക്രമം 490 മീറ്റർ, 520 മീറ്റർ നീളത്തിലുള്ള രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം നേരത്തേ പൂർത്തീകരിച്ചിരുന്നു. എന്നാൽ മത്സ്യബന്ധന യാനങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പ് വരുത്തുന്നതിനായി വടക്കേ പുലിമുട്ടിന്റെ നീളം 200 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി കെ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2021 ജൂൺ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.<br><br>2. മഞ്ചേശ്വരം - ഉപ്പള<br><br>പുഴകളിൽ നിന്നും മണ്ണ് ഒലിച്ച് ഇറങ്ങി ഹാർബർ ബേസിനിൽ രൂപംകൊണ്ട മണൽത്തിട്ട ഡ്രെഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിനായി 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും സാങ്കതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ച് വരികയും ചെയ്യുന്നു.<br><br>3. മഞ്ചേശ്വരം ഹാർബറിൽ വള്ളങ്ങൾ അടുപ്പിക്കുന്നതിനുള്ള ലോ ലെവൽ ജെട്ടി, ലേല ഹാൾ, പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിക്കുന്നതിനായി 583 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>4. മഞ്ചേശ്വരം ഫിഷറി ഹാർബറിന്റെ തെക്ക് ഭാഗത്ത് ബീച്ച് സ്റ്റെബിലൈസേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും പ്രവൃത്തിയുടെ തുടർച്ചയായി കാസർഗോഡ് ഡെവലപ്‌മെന്റ് പാക്കേജ് (കെ.ഡി.പി)-യിൽ ഉൾപ്പെടുത്തി അറേഞ്ച് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ള കണ്ണങ്കള-കുറിച്ചിപ്പള്ള റോഡ് നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br><br>5.മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ ബ്രിഡ്ജ് നിർമ്മാണത്തിന് പുതുക്കിയ ഡിസൈൻ പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് (കെ.ഡി.പി), ഡിസ്ട്രിക്ട് ലെവൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (ഡി.എൽ.റ്റി.സി) യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ